₹ 5/-

# റിയൽ ലൈഫ് വോയ്സ്

## R E A L  L I F E  V O I C E

Monthly

Volume 15
Issue 1

**January 2026**

pages 24

“അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു”

**(കൊലൊസ്സ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

| Volume 15 | Issue 1 | January 2026 | Pages 24 | Rs.5/ |
|---|---|---|---|---|

**Annual Subscription:** Rs.60/-



Editor:

**Dr. SEBASTIAN M.V.**

*MA(Eng), MA(His), MA(Socio),*
*MCom(Edu.Mgt), MPhil(Eng), PhD(Eng)*

**Ph: 95 44 557 557**

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in



**Book No. 169**


## ഉള്ളടക്കം


പേജ്

- 15-ാം വർഷത്തിലേക്ക് 3
- പ്രതികരണങ്ങൾ 6
- ആസ്യയിലെ ഏഴ് സഭകൾ (23) 8
- യോനാ (പുസ്തകപഠനം) (19) 10
- കുടുംബജീവിതം: പ്രായോഗികചിന്തകൾ(3) 13
- ഒരുമിച്ച് 50 വർഷങ്ങൾ (Episode 3) 16
- ബൈനോക്കുലർ (31) 19
- തട്ടും തലോടലും (10) 21
- ഗർഭിണിക്ക് കരണത്തടി ഫ്രീ 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**



## എഡിറ്റോറിയൽ



# 15-ാം വർഷത്തിലേക്ക്!

2012 ൽ *റിയൽ ലൈഫ്* എന്ന പേരിൽ 16 പേജ് മാത്രമുള്ള മാസിക യായി രംഗപ്രവേശം ചെയ്തെങ്കിലും അധികം താമസിയാതെ 24 പേജുള്ള *റിയൽ ലൈഫ് വോയ്സ്* ആയി വലുതാകാൻ ദൈവം കൃപ ചെയ്തു. കഴിഞ്ഞ 14 വർഷത്തിൽ ഒരൊറ്റ മാസം പോലും മുടങ്ങാതെ പ്രസിദ്ധീക രണം നടത്താൻ സർവശക്തനായ ദൈവം കൃപ ചെയ്തു. ഞങ്ങൾ ആരോടും പണം ആവശ്യപ്പെട്ടില്ല. വരിസംഖ്യ പോലും ഞങ്ങൾ ആരോടും ചോദിച്ചില്ല. ആരെയും ഒന്നിനും നിർബന്ധിച്ചുമില്ല.

യാതൊരു വിദേശസഹായവും ഞങ്ങൾക്ക് ഇതുവരെ ഇല്ല. ഞങ്ങളുടെ ജോലിയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിൽ നിന്നു തന്നെയാണ് ഈ മാസികാനടത്തിപ്പിന്റെ ചെലവിനുള്ള പണം പ്രധാനമായും കണ്ടെത്തിയത്. എന്നാൽ കൂട്ടായ്മയുടെ വലംകരം നീട്ടിയ ധാരാളം പേരുണ്ട്. ചെറുതും വലുതുമായ നിലയിൽ പലരും ഈ മാസികാനടത്തിപ്പിന് ചുമൽ നൽകി. പ്രാർത്ഥനയിൽ ഓർത്തവരുണ്ട്. ഫോൺ വിളിച്ചും, കത്തെഴുതിയും, നേരിൽ കണ്ടും പ്രോത്സാഹിപ്പിച്ചവരുണ്ട്. എല്ലാവരോടുമുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുകയാണ്.

പ്രളയവും കൊറോണയും മൂലം പല ക്രിസ്തീയമാസികകളും ചില മാസങ്ങൾ പ്രസിദ്ധീകരണം നടത്തിയില്ല. അപ്പോഴും *റിയൽ ലൈഫ് വോയ്സ്* യാത്ര തുടർന്നു. പല മാസികകളുടെയും രജിസ്ട്രേഷൻ റദ്ദാ യതു നിമിത്തം പ്രസിദ്ധീകരണം നിറുത്തിവച്ചു. ഉത്സാഹക്കുറവ് നിമിത്തം നിന്നുപോയ പ്രസിദ്ധീകരണങ്ങളും ഉണ്ട്. പക്ഷേ എല്ലാം നിശബ്ദമായി നോക്കിക്കണ്ട് നമ്മുടെ മാസികാപ്രസിദ്ധീകരണം വിഘ്നം കൂടാതെ തുടർന്നു. ദൈവത്തിന്റെ അളവറ്റ കാരുണ്യം! അല്ലാതെന്തു പറയാൻ?

**പുറകിൽ കുറച്ചാളുകൾ മാത്രം!**

ഏഴോ എട്ടോ ആളുകൾ മാത്രമാണ് ഈ മാസികാപ്രസിദ്ധീകരണ ത്തിനു പുറകിലുള്ളത്. മാസിക പൊതിഞ്ഞ് അഡ്രസ്സ് ഒട്ടിക്കുന്നത് പ്രധാ നമായും രണ്ട് സഹോദരിമാരാണ്. ഒന്ന്, എന്റെ ഭാര്യ സാലി. രണ്ട്,

അയൽവാസിയായ സഹോദരി ജാൻസി ആൻഡ്രൂസ്. ജീവിതത്തിലെ തിരക്കുകൾ നിമിത്തം ചില മാസങ്ങളിൽ മാസിക മുടങ്ങിപ്പോകുമോ എന്നു ഭയപ്പെട്ടിരുന്നു. പക്ഷേ എല്ലാം ഇതുവരെ ഭംഗിയായി നടന്നു. ദൈവത്തിനു സ്തോത്രം!

**എല്ലാ ലേഖനങ്ങളും ഒരാൾ വക**

മാസികയിലെ ഒരുവിധം എല്ലാ ലേഖനങ്ങളും ഞാൻ തന്നെയാണ് എഴുതുന്നത്. ഇതിനെ പലരും അഭിനന്ദിച്ചിട്ടുണ്ട്. ചിലർ എന്തുകൊണ്ടാണിങ്ങനെ എന്ന് ചോദിച്ചിട്ടുമുണ്ട്. ആ ചോദ്യത്തിന് മറുപടി പറയാം. ഒന്ന്, എനിക്ക് ധാരാളം എഴുതാൻ ആശയങ്ങളുണ്ട്. രണ്ട്, എന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാൻ മറ്റു മാസികകൾ അധികമൊന്നും തയ്യാറാകുമെന്നു തോന്നുന്നില്ല. സ്വന്തമായി നടത്തുന്ന മാസികയിൽ അതുകൊണ്ട് ഞാൻ അവ പ്രസിദ്ധീകരിക്കുന്നു. മൂന്നാമതൊരു കാരണം കൂടിയുണ്ട്. മറ്റുള്ളവരുടെ ലേഖനങ്ങൾ കൃത്യസമയത്ത് കിട്ടിക്കൊള്ളണമെന്നില്ല. അതിനുവേണ്ടി കാത്തിരുന്ന് സമയം കളയുന്നത് ഒഴിവാക്കാം.

**രണ്ട് രജിസ്ട്രേഷനുകൾ റദ്ദായി**

ഈ വർഷം മുതൽ റിയൽ ലൈഫ് വോയ്സിന്റെ രണ്ട് രജിസ്ട്രേഷനുകൾ ഇല്ലാതായിരിക്കുകയാണ്. ഇനി മുതൽ മാസിക അയയ്ക്കുവാൻ രണ്ട് രൂപ സ്റ്റാമ്പ് ഒട്ടിക്കണം. മാസികയുടെ മുന്നോട്ടുള്ള പ്രയാണത്തിന് ഇത് തടസ്സമാകുമോ എന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. അതുകൊണ്ട് മാന്യവായനക്കാരെല്ലാം റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും കാരണത്താൽ മാസികയുടെ പ്രസിദ്ധീകരണം നിന്നുപോയാൽ തന്നെ, വാട്സാപിൽ അത് വായിക്കാമല്ലോ. (വാട്സാപ് ഗ്രൂപ്പിൽ അംഗമാകാൻ താത്പര്യമുള്ളവർ അക്കാര്യം കാണിച്ച് എനിക്ക് മെസ്സേജ് അയച്ചാൽ മതിയാകും)

**അകന്നുപോകുന്ന വായനാശീലം**

ദൈവമക്കളിൽ വായനാശീലം നഷ്ടപ്പെടുന്നത് വലിയ ആശങ്കയുളവാക്കുന്ന കാര്യമാണ്. സോഷ്യൽമീഡിയായിലെ ചിരിക്കാനുള്ള വീഡിയോകളും മറ്റു കാര്യങ്ങളുമായി സമയം ചെലവഴിക്കുന്ന ദൈവമക്കൾക്ക് മാസിക വായിക്കാൻ പോയിട്ട് ബൈബിൾ വരെ വായിക്കാൻ സമയമില്ലാത്ത അവസ്ഥയാണ്. ബൈബിൾവായനയും പ്രാർത്ഥനയുമില്ലാത്ത ദൈവമക്കൾ നിമിത്തം (അവർ ദൈവമക്കൾ തന്നെയാണോ?) സഭയിലുള്ള പ്രശ്നങ്ങൾ ചെറുതൊന്നുമല്ല. വഴക്കുകളും അധികാരം പിടിച്ചെടുക്കലും കുടുംബജീവിതത്തിലെ പ്രശ്നങ്ങളും സ്നേഹബന്ധങ്ങൾ ഇല്ലാതാക്കലും ആയി കുറെ പേർ മുന്നേറുന്നു. അവർക്ക് മാസിക വായിക്കാനൊന്നും നേരമില്ല.

പല വീടുകളിലും ചെല്ലുമ്പോൾ മാസികകളുടെ റാപ്പർ പോലും പൊട്ടിക്കാതെ ഇട്ടിരിക്കുന്നതാണ് കാണുന്നത് എന്ന് പല എഡിറ്റർമാരും എന്നോട് വേദനയോടെ പറഞ്ഞിട്ടുണ്ട്. ആ മാസിക തയ്യാറാക്കി അയയ്ക്കുന്നതിന്റെ പിന്നിലെ അദ്ധ്വാനമോർത്തിട്ടെങ്കിലും അത് വായിക്കാൻ ദൈവജനം തയ്യാറാവണം.

**നിരാശ തോന്നാറുണ്ട്**

തപാൽ മാർഗ്ഗം അയയ്ക്കുന്ന മാസിക പലർക്കും കിട്ടുന്നില്ലെന്ന് അറിയിക്കുമ്പോൾ, പലരും മാസിക വായിക്കുന്നില്ലെന്ന് മനസ്സിലാകുമ്പോൾ നിരാശ തോന്നാറുണ്ട്. ഇപ്പോഴിതാ രണ്ട് രജിസ്ട്രേഷനുകൾ റദ്ദായതു നിമിത്തമുള്ള അധികച്ചെലവും! ആളുകൾ പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ മണിക്കൂറുകൾ നീളുന്ന അദ്ധ്വാനവും പ്രസിദ്ധീകരണത്തിനും വിതരണത്തിനും വേണ്ടിവരുന്ന പണച്ചെലവും എന്തിന് എന്ന് തോന്നാറുണ്ട്. അങ്ങനെയിരിക്കുമ്പോഴായിരിക്കും എനിക്ക് വാട്സാപിൽ ഇപ്രകാരമൊരു മെസേജ് വരുന്നത്: "ബ്രദർ, താങ്കളുടെ മാസിക വളരെ പ്രയോജനകരമാണ്." ഇതു വായിക്കുന്നതോടെ നിരാശ മനസ്സിൽനിന്ന് പറന്നുപോകുകയാണ് പതിവ്. അങ്ങനെ ഇതാ പതിനഞ്ചാം വർഷത്തിലേക്ക് കടന്നിരിക്കുന്നു! വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾക്ക് തരുന്ന പ്രോത്സാഹനം എത്ര വലുതാണെന്നു കാണുക!

**അക്ഷരങ്ങളിലൂടെയുള്ള വിമർശനം**

മാസികയിൽ സമൂഹത്തിലെയും സഭയിലെയും തിന്മകളെ വിമർശിച്ച് ഞാൻ ലേഖനമെഴുതാറുണ്ട്. ഇതിന്റെ ആവശ്യമുണ്ടോ എന്നു ചോദിക്കുന്ന ചില വായനക്കാരുണ്ട്. പ്രസംഗങ്ങളിലും എഴുത്തുകളിലും ക്രിയാത്മകമായ വിമർശനം ആവശ്യമാണ് എന്നാണ് എന്റെ അഭിപ്രായം. അങ്ങനെയാണ് ബൈബിൾ വായിക്കുമ്പോൾ എനിക്ക് മനസ്സിലായിട്ടുള്ളത്. അതുകൊണ്ട് ആ രീതി തുടരുമെന്നു തന്നെയാണ് പറയാനുള്ളത്.

**പുതുവത്സരാശംസകൾ**

നാളിതുവരെ ഞങ്ങളെ ഇഷ്ടപ്പെടുകയും ഞങ്ങളെ പിന്തുണയ്ക്കുകയും ചെയ്ത എല്ലാ വായനക്കാരെയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ പുതിയ വർഷം സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ദൈവഭക്തിയുടെയും വർഷമായിരിക്കട്ടെ. സഭായോഗങ്ങളും ബൈബിൾക്ലാസ്സുകളും പ്രാർത്ഥനായോഗങ്ങളും സുവിശേഷപ്രവർത്തനങ്ങളും നമുക്ക് മുടക്കാതിരിക്കാം. ബൈബിൾവായനയും പ്രാർത്ഥനയും വിശുദ്ധജീവിതവും നമുക്ക് പിന്തുടരാം. ദൈവം നമ്മെ എല്ലാവരെയും സഹായിക്കട്ടെ.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Glory Charles, Kidangoor, Ernakulam

റിയൽ ലൈഫ് വോയ്സ് മാസിക പലരിൽ നിന്നും വാങ്ങി ഞാൻ വായിക്കാറാണ് പതിവ്. എനിക്ക് സ്വന്തമായി മാസിക കിട്ടണമെന്ന് ആഗ്രഹിക്കുന്നു. വരിസംഖ്യ അയച്ചുതരാം. **(എഡിറ്റർ: മാസിക ആവശ്യമുള്ളവർ എന്നെ ഇതുപോലെ അറിയിച്ചാൽ മാസിക അവർക്ക് അയച്ചുകൊടുക്കുന്നതാണ്. വരിസംഖ്യ നിർബന്ധമില്ല)**

## Pr. Jose M J, Kumbalampoika, Pathanamthitta

നവംബർമാസത്തെ എഡിറ്റോറിയൽ (*പ്രസംഗവും ഹൈഡ്രജൻബലൂണും*) വളരെ നന്നായിരുന്നു. സഭായോഗങ്ങളിലും സൺഡേസ്കൂളിലും കുട്ടികൾ അടങ്ങിയിരിക്കണമെന്ന് ഞാൻ ശക്തമായി പറയാറുണ്ട്. എന്നാൽ ചില കുട്ടികളെ മാതാപിതാക്കൾ വഴക്കുപറയുകയോ ശകാരിക്കുകയോ ചെയ്യാറില്ല.

ഒരിക്കൽ എന്റെ സഭയിൽ പ്രായമുള്ളവർ സാക്ഷ്യം പറയുന്ന സമയത്ത് ചില കുട്ടികൾ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ കണ്ണുകൊണ്ടും കൈകൊണ്ടും ആംഗ്യം കാണിച്ച് അവരെ ഒരുവിധം അടക്കിയിരുത്തി. അതിനുശേഷം ഞാൻ പ്രാർത്ഥിക്കുവാൻ തുടങ്ങിയപ്പോൾ ആ കുട്ടികൾ വീണ്ടും വർത്തമാനം പറഞ്ഞുതുടങ്ങി. ഞാൻ പ്രാർത്ഥിക്കുകയായിരുന്നതുകൊണ്ട് എനിക്ക് അവരെ തടയാനും കഴിഞ്ഞില്ല. പ്രാർത്ഥന കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു: ഈ കുട്ടികളൊക്കെ സ്കൂളിൽ അടങ്ങിയൊതുങ്ങി ഇരിക്കുന്നവരാണ്. എന്തുകൊണ്ടാണ് സഭയിൽ ഇവർ അടങ്ങിയിരിക്കാത്തത്? കർശനമായ നിർദ്ദേശങ്ങൾ വീട്ടിൽ നിന്ന് കുട്ടികൾക്ക് കൊടുത്തിട്ടുവേണം അവരെ സഭയിലേക്ക് കൊണ്ടുവരാൻ.

ഞാൻ ഈ പറഞ്ഞത് ഒരു കുട്ടിയുടെ വീട്ടുകാർ നല്ല രീതിയിൽ എടുത്തു. എന്നാൽ മറ്റൊരു കുട്ടിയുടെ വീട്ടുകാർക്ക് അതത്ര ഇഷ്ടപ്പെട്ടില്ല. എട്ടോ പത്തോ വർഷം കഴിഞ്ഞിട്ട് ഉണ്ടായ കുട്ടിയാണ്. അതുകൊണ്ട് അവർ അതിനെ വളരെ ലാളിച്ചും കൊഞ്ചിച്ചും ആണ് വളർത്തുന്നത്. മുമ്പുണ്ടാ

യിരുന്ന പാസ്റ്റർ സഭയിൽ കുട്ടികൾ കളിക്കുന്നത് അനുവദിക്കുമായിരുന്നു വത്രേ! ഒരു കുട്ടി മൊബൈലെടുത്ത് കളിക്കുമ്പോൾ അവന്റെ അപ്പൻ ആ മൊബൈൽ അവന്റെ കയ്യിൽനിന്ന് വാങ്ങാൻ ശ്രമിച്ചപ്പോൾ ആ പാസ്റ്റർ, "എന്തിനാ അച്ചായാ, മൊബൈൽ വാങ്ങിക്കുന്നത്? അവൻ കളിക്കട്ടെ" എന്നു പറഞ്ഞുവത്രേ!

അദ്ദേഹത്തിനുശേഷം സഭയിൽ പാസ്റ്ററായി വന്ന ഞാൻ മറ്റൊരു രീതിയിൽ ഇടപെട്ടത് പലർക്കും ഇഷ്ടപ്പെട്ടില്ല. **(എഡിറ്റർ: സഭയുടെയും സഭായോഗങ്ങളുടെയും മൂല്യം മനസ്സിലാക്കാത്ത മാതാപിതാക്കളും സഭാശുശ്രൂഷകന്മാരും ദൈവക്രോധം വഹിക്കേണ്ടിവരും.)**

### Jomon Varghese, Marangattupally, Kottayam

ഞാൻ മരങ്ങാട്ടുപള്ളി എന്ന സ്ഥലത്ത് കർത്തൃവേല ചെയ്യുന്നു. റിയൽ ലൈഫ് വോയ്സ് ഡിസംബർ ലക്കം ഞാൻ വായിച്ചു. ലേഖനങ്ങൾ എല്ലാം വളരെ നന്നായിരിക്കുന്നു. എനിക്ക് ഈ മാസിക തുടർച്ചയായി അയച്ചുതരുമോ? **(എഡിറ്റർ: തീർച്ചയായും. അഡ്രസ്സ്ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വായിക്കാൻ താത്പര്യമുള്ള ഏവർക്കും ഈ മാസിക അയച്ചുകൊടുക്കുന്നതാണ്. പരിചയത്തിൽ ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ വിലാസം എനിക്ക് വാട്സാപ് ചെയ്യാം.)**

**കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ**

| Address | Reason |
|---|---|
| Jacson Jose, Thuravoor, Ernakulam | Left |
| Joseph K J, Hulimavu P O, Banglore | Left |

**അഡ്രസ്ലിസ്റ്റിൽനിന്ന് ഈ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**


**യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചന ക്ഷണിക്കുന്നു**

Age: 29 Date of Birth: 10-05-1996

Height: 160 cm Weight: 60 Kg

Church: Born Again, Local Church

Education: BTech Civil Engineering

Occupation: Project Engineer at Kochi

Company: Sobha Ltd.

**Contact:**
**8281 306 421**

# ആസ്യയിലെ ഏഴ് സഭകൾ

23

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## സർദ്ദിസിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 3:1–6)

*സർദ്ദിസിലെ സഭയുടെ ദൂതന് എഴുതുക: ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ജീവനുള്ളവൻ എന്നു നിനക്കു പേരുണ്ട് എങ്കിലും നീ മരിച്ചവനാകുന്നു. (3:1)*

### അഞ്ചാമത്തെ സഭ

ആസ്യയിലെ ഏഴ് സഭകളിൽ അഞ്ചാമത്തേതാണ് സർദ്ദിസിലെ സഭ. വെളിപ്പാടുപുസ്തകത്തിൽ 1, 3 അദ്ധ്യായങ്ങളിൽ മാത്രമാണ് ഈ സഭയെക്കുറിച്ച് നാം വായിക്കുന്നത്.

### സർദ്ദിസിലെ സഭ

സർദ്ദിസിൽ സുവിശേഷം എത്തിയതു സംബന്ധിച്ചോ സഭ രൂപീകൃതമായത് സംബന്ധിച്ചോ ഉള്ള വിശദാംശങ്ങളൊന്നും നമുക്ക് ലഭ്യമല്ല. എങ്കിലും ചില സൂചനകൾ ദൈവവചനത്തിൽ നിന്ന് ലഭിക്കുന്നുണ്ട്. ആസ്യയിലെ എഫെസൊസിൽ അപ്പൊസ്തലനായ പൗലൊസ് നടത്തിയ സുവിശേഷ പ്രവർത്തനങ്ങളെക്കുറിച്ച് അപ്പൊസ്തലപ്രവൃത്തികൾ 19–ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "അത് രണ്ട് സംവത്സരത്തോളം നടക്കയാൽ ആസ്യയിൽ പാർക്കുന്ന യെഹൂദന്മാരും യവനന്മാരും എല്ലാം കർത്താവിന്റെ വചനം കേൾപ്പാൻ ഇടയായി" (19:10). ആസ്യയിലെ സർദ്ദിസിൽ സഭ രൂപം കൊണ്ടതിന്റെ സാഹചര്യം ഇതായിരിക്കുന്നതിന് സാധ്യതയുണ്ട്.

### ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ

സർദ്ദിസിലെ സഭയ്ക്ക് കർത്താവ് തന്നെത്തന്നെ പരിചയപ്പെടുത്തുന്നത് ഈ രീതിയിലാണ്. ദൈവത്തിന്റെ ഏഴാത്മാവിനെക്കുറിച്ച് വെളിപ്പാട് 5:6 ൽ

കൊടുത്തിരിക്കുന്നത് "സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴ് ദൈവാത്മാക്കൾ ആയ ഏഴ് കണ്ണ്" എന്നാണ്. സകലതും അറിയുന്നവനാണ് ദൈവം. ഈ ദൈവത്തെ എന്തെങ്കിലും മറച്ചുവയ്ക്കുവാൻ ആർക്കും കഴിയില്ല.

"ഏഴ് നക്ഷത്രം ഏഴ് സഭകളുടെ ദൂതന്മാരാകുന്നു" എന്ന് 1:20 ൽ ഉണ്ടല്ലോ. ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ എന്ന പരിചയപ്പെടുത്തലിലൂടെ, സഭകളെക്കുറിച്ച് വളരെ സൂക്ഷ്മമായ അറിവുള്ളവനാണ് കർത്താവ് എന്ന് വ്യക്തമാക്കുകയാണ്. സഭകളിൽ നടക്കുന്ന സകല കാര്യങ്ങളെയും കർത്താവ് ഉള്ളനിലയിൽ കാണുന്നുണ്ട്, മനസ്സിലാക്കുന്നുണ്ട്. സഭകളിലെ ഗ്രൂപ്പിസവും, കയ്യാങ്കളിയും, തട്ടിപ്പുകളും എല്ലാം കർത്താവ് കാണുന്നു. ദൈവഭയമില്ലാതെ വിശ്വാസികൾ പ്രാർത്ഥനകൾക്കും ബൈബിൾക്ലാസ്സിനും കൂടിവന്നിട്ടെന്തു ഫലം?

**ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു**

എന്റെ പ്രവൃത്തി മറ്റുള്ളവർ വിലയിരുത്തുന്നതുപോലെയല്ല കർത്താവ് വിലയിരുത്തുന്നത്. മറ്റുള്ളവർ സൂപ്പർ, മനോഹരം, ഉഗ്രൻ എന്നൊക്കെ വിലയിരുത്തുന്ന പല കാര്യങ്ങളും കർത്താവ് അങ്ങനെ വിലയിരുത്തിക്കൊള്ളണമെന്നില്ല. എന്തുകൊണ്ടെന്നാൽ അവിടുന്ന് സകലവും അറിയുന്നു. നാം ചെയ്യുന്ന പ്രവൃത്തികളുടെ ലക്ഷ്യവും നാം ആ പ്രവൃത്തി ചെയ്യുന്നത് ദൈവത്തിൽ ആശ്രയിച്ചാണോ എന്നതും കർത്താവ് മനസ്സിലാക്കുന്നു. മനുഷ്യർ പുറമെ കാണുന്ന കാര്യങ്ങൾ മാത്രം കാണുമ്പോൾ, കർത്താവ് നമ്മുടെ മനസ്സിനെ വായിച്ചെടുക്കുന്നവനാണ്.

**ജീവനുള്ളവൻ എന്നു ...പേരുണ്ട് എങ്കിലും നീ മരിച്ചവനാകുന്നു**

ചത്ത സഭ (Dead Church) – അതാണ് സർദ്ദിസിലെ സഭ. ഇന്ന് ഭൂമിയിൽ കാണുന്ന പല സഭകളും ചത്ത സഭകളാണ്. ജീവനുള്ളത് എന്ന് പേരുണ്ടായിരിക്കാം. ജീവനുള്ളതാണെന്നു കാണിക്കാൻ പാട്ടും പ്രാർത്ഥനയും സുവിശേഷപ്രവർത്തനങ്ങളും നടത്തുന്നുണ്ടായിരിക്കാം. ഇതൊക്കെ ചെയ്യുന്നതിന്റെ ഉദ്ദേശ്യം ദൈവനാമമഹത്വം അല്ലെങ്കിൽ യാതൊരു പ്രയോജനവുമില്ല. കാണുന്നവർ ജീവനുള്ള സഭ, നല്ല ഉന്മേഷമുള്ള സഭ, ഉണർവ്വുള്ള സഭ എന്നൊക്കെ വിലയിരുത്തിയേക്കാം. കർത്താവിന്റെ വിലയിരുത്തലിനാണ് പ്രാധാന്യം.

കാണുന്നവർ വിലയിരുത്തിയത് ജീവനുള്ളവൻ എന്ന്; പക്ഷേ കർത്താവ് വിലയിരുത്തിയത് മരിച്ചവൻ എന്ന്! കർത്താവിന്റെ വിലയിരുത്തലാണ് ശരി. പ്രിയരേ, നാം കൂടിവരുന്ന സഭ എങ്ങനെയുള്ളതാണ്? സഭ എന്നാൽ വിശ്വാസികളുടെ കൂട്ടം ആയതുകൊണ്ട് അവിടെയുള്ള വിശ്വാസികൾ എങ്ങനെ? വല്ല ആത്മികനിലവാരവും ഉണ്ടോ?

**(തുടരും)**

# യോനാ
## (പുസ്തകപഠനം)

19

### -എംവിഎസ്-

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:10**

**ആ പുരുഷന്മാർ അത്യന്തം ഭയപ്പെട്ടു**

യോന സഞ്ചരിച്ച കപ്പലിൽ ഉണ്ടായിരുന്നവർ, യോനാ ദൈവസന്നിധിയിൽ നിന്ന് ഓടിപ്പോകുന്നു എന്നു മനസ്സിലാക്കിയപ്പോൾ അത്യന്തം ഭയപ്പെട്ടു. ഈ യഹോവയെക്കുറിച്ച് അവർ മുമ്പ് നന്നായി കേട്ടിട്ടുള്ളതുകൊണ്ട്, തന്നെ വിളിച്ചപേക്ഷിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തിയാൽ തന്റെ കോപത്തെ പ്രദർശിപ്പിക്കുന്നവനാണ് ഈ യഹോവ എന്നു അവർ മനസ്സിലാക്കുകയും ആ കോപത്തിന്റെ ഫലമാണ് പെരുങ്കാറ്റും തിരമാലയും എന്നു തിരിച്ചറിയുകയും ചെയ്തു. അതുകൊണ്ട് അവർ അത്യന്തം ഭയപ്പെട്ടു.

ആ ഭയപ്പാടിൽനിന്നുകൊണ്ട് അവർ ചോദിക്കുന്നു: നീ എന്തിന് അങ്ങനെ ചെയ്തു? ഈ ചോദ്യം കൊണ്ട് അവർ ഉദ്ദേശിച്ചത് ഇതാണ്: യോനേ, നീ എന്തിന് നിന്റെ ദൈവത്തിന്റെ സന്നിധിയിൽനിന്ന് ഓടിപ്പോകുന്നു? എന്തു പണിയാണ് നീ കാണിച്ചത്?

മൂന്നു ആശയങ്ങളെങ്കിലും ഈ ചോദ്യത്തിലുണ്ട്.

(1) തന്നോടു മറുതലിക്കുന്നവരെ ശിക്ഷിച്ചിട്ടുള്ളതാണല്ലോ നീ വിളിച്ചപേക്ഷിക്കുന്ന യഹോവ? പിന്നെ എന്തിന് നീ അങ്ങനെ ചെയ്തു? നീയും ശിക്ഷിക്കപ്പെടും എന്ന് നിനക്കറിയില്ലേ?

ദൈവം നടത്തിയ ശിക്ഷാവിധികൾ നാം കണ്ട് പഠിക്കണം. ദൈവത്തോട് കോപിച്ചവർ, പിണങ്ങിയവർ, ദൈവത്തെ ശാസിച്ചവർ... ഇവരോടൊക്കെ ദൈവം എങ്ങനെ ഇടപെട്ടു? നാം അത് മനസ്സിലാക്കി ബുദ്ധി പഠിക്കണം. അനന്യാസ്-സഫീര ദമ്പതികളോട് ദൈവം എന്തു ചെയ്തു? എന്തായിരുന്നു അവരുടെ കുറ്റം? മോശെയെ ദൈവം എതിരിട്ട് കൊല്ലുവാൻ നോക്കിയത് എന്തിന്? എന്തായിരുന്നു കുറ്റം? ദൈവമക്കളോട് ദൈവം നടത്തിയ ശിക്ഷകളെക്കുറിച്ച് നാം പഠിക്കണം. കർത്തൃമേശയിൽ അയോഗ്യമായി പങ്കെടുക്കുന്നവർ രോഗികളും ബലഹീനരും ആയിത്തീരുന്നു എന്ന് 1 കൊരിന്ത്യർ 11 ൽ രേഖപ്പെടുത്തിയിരിക്കുന്നത് നാം മനസ്സിലാക്കണം.

(2) കടലും കരയും ഉണ്ടാക്കിയവനാണ് ഈ ദൈവം എന്ന് നീ തന്നെ പറയുന്നു. അപ്രകാരമുള്ള സർവശക്തനും ആശ്രിതവത്സലനും ആയ ദൈവത്തെ വിട്ട് നീ എന്തിന് ഓടിപ്പോകുന്നു?

ഈ ദൈവത്തിൽ എന്തു അതൃപ്തിയാണ് നിനക്ക് തോന്നിയത്? ചെങ്കടൽ വറ്റിക്കാൻ പ്രാപ്തിയുള്ള, അതിന്റെ നടുവിൽ ഉണങ്ങിയ നിലമുണ്ടാക്കാൻ പ്രാപ്തിയുള്ള, അതിലൂടെ ജനത്തെ നടത്തി, ഫറവോനേയും സൈന്യത്തേയും കടലിൽ തള്ളിയിട്ട്.... ഈ ദൈവത്തിൽ എന്ത് അതൃപ്തിയാണ് നിനക്കുള്ളത്? നീ എന്തിന് ഈ ദൈവത്തെ വിട്ട് ഓടിപ്പോകുന്നു?

ദൈവത്തിൽ യാതൊരു വിധത്തിലുള്ള അതൃപ്തിയും ദൈവമക്കൾക്കുണ്ടാകരുത്. ഒരു ക്രൂരകൃത്യം ഈ ലോകത്തിൽ നടന്നതിനെക്കുറിച്ചറിയുമ്പോൾ, "ദൈവം എന്താ അത് കാണാത്തത്?" എന്ന് മറ്റുള്ളവർ ചോദിച്ചെന്നു വരാം. പക്ഷേ ദൈവമക്കൾ അങ്ങനെ പറയരുത്. നാം ദൈവത്തിന്റെ പക്ഷത്തു നിൽക്കേണ്ടവരാണ്. നാം ദൈവത്തെ വിമർശിക്കേണ്ടവരല്ല, ഏതെങ്കിലും കുറ്റകൃത്യം മനുഷ്യനെക്കൊണ്ട് ചെയ്യിച്ച പിശാചിനോടല്ല മറ്റുള്ളവർക്ക് ദേഷ്യം; കുറ്റകൃത്യം തടയാത്ത ദൈവത്തോടാണ്!

ക്രൈം സീനുകൾ സന്ദർശിക്കുമ്പോൾ, ദൈവം കണ്ണിൽ ചോരയില്ലാത്തവനാണ് എന്ന് അവിശ്വാസികൾ പറയും. എന്നാൽ ദൈവം കരുണയുള്ളവനാണെന്നാണ് വിശ്വാസികൾ മനസ്സിലാക്കുക. ഒപ്പം, പിശാച് ദുഷ്ടനാണെന്നും. ഉദാഹരണങ്ങൾ നോക്കാം:

**(1) ഹാബേൽ വധം:** ദൈവം കയീനോട് ദീർഘക്ഷമയും കരുണയും കാണിച്ചു. ഹാബേൽ നിത്യജീവന്റെ അവകാശിയായി പോയതുകൊണ്ട് ഹാബേലിന് നഷ്ടവുമില്ല. ദൈവത്തെ കുറ്റം പറയാൻ ഇവിടെ കഴിയില്ല.

**(2) ഭൂമിയിലെ കൊലപാതകങ്ങൾ:** അതിദാരുണമായി പലരും കൊല്ലപ്പെടുന്നു. കൊലപാതകിയോട് ദൈവം കരുണ കാണിക്കുന്നുവെങ്കിൽ, ആ കരുണയുടെ മറവിൽ അവന് നിത്യജീവന് അവകാശിയാകാൻ അവസരമുണ്ട്. ആ കരുണ അവൻ പ്രയോജനപ്പെടുത്തിയില്ലെങ്കിൽ അവന് കൂടുതൽ വലിയ ശിക്ഷാവിധിയുണ്ടാകും. കൊലപാതകത്തിന് ഇരയായ വ്യക്തി രക്ഷിക്കപ്പെട്ടവനല്ലെങ്കിൽ അവന് ലഭിക്കുന്ന ശിക്ഷയേക്കാൾ വലിയ ശിക്ഷ മാനസാന്തരപ്പെടാത്ത കൊലപാതകിക്ക് ലഭിക്കും. അങ്ങനെ നോക്കിയാൽ ഇരയോടും ദൈവം കരുണയാണ് കാണിച്ചത്. ഇത്രനാളും മാനസാന്തരപ്പെടാത്ത ഇര കൊലപാതകത്തിലൂടെ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുമ്പോൾ താരതമ്യേന കുറഞ്ഞ ശിക്ഷയാണല്ലോ ലഭിക്കുക.

ഏത് ദുരന്തം നടന്നാലും നമ്മുടെ ദൈവം അനിന്ദ്യനാണ്. ആ ദൈവത്തെ കുറ്റം ചുമത്താൻ നമുക്ക് അവകാശമില്ല. എസ്രാ 4:14 ൽ പാർസി

രാജാവായ അർത്ഥഹ്ശഷ്ടാവിന് ചിലർ എഴുത്തിയ കത്തിൽ അവർ ഇങ്ങനെ എഴുതി, "ഞങ്ങൾ കോവിലകത്തെ ഉപ്പു തിന്നുന്നവരാകയാലും രാജാവിന് അപമാനം വരുന്നത് കണ്ടുകൊണ്ടിരിക്കുന്നത് ഞങ്ങൾക്ക് ഉചിതമല്ലായ്കയാലും..." ലോകത്തിലെ ആളുകൾ അവരുടെ രാജാവിനോട് കാണിക്കുന്ന സ്നേഹവും കടപ്പാടും കാണുക. എങ്കിൽ ദൈവമക്കൾ രാജാധിരാജാവായ ദൈവത്തോട് എത്ര സ്നേഹവും കടപ്പാടും കാണിക്കണം!

(3) ഞങ്ങളാരും ഞങ്ങളുടെ ദൈവത്തെ വിട്ടുപോകുന്നവരല്ല. യോനേ, നീ എന്തിന് നിന്റെ ദൈവത്തെ വിട്ടുപോകുന്നു?

ശബരിമലയ്ക്കു പോകുന്നവർ കൃത്യമായി അതിന്റെ ചിട്ടവട്ടങ്ങൾ പാലിക്കുന്നവരാണ്. ഹജ്ജിന് പോകുന്നവർ, കൊടുങ്ങല്ലൂർ ഭരണിക്ക് പോകുന്നവർ എല്ലാം അതിന്റെ സകല പ്രമാണങ്ങളും പാലിക്കുന്നവരാണ്. മുസ്ലീങ്ങൾ നാം കൊടുക്കുന്ന ഭക്ഷണം ഹലാൽ ആണെങ്കിൽ മാത്രമേ കഴിക്കൂ. എന്നാൽ നാം അവരുടെ പക്കൽനിന്ന് ഭക്ഷണം വാങ്ങിക്കഴിക്കാൻ വിമുഖത കാണിക്കാറില്ല. ഞങ്ങളുടെ ഭക്ഷണം നിങ്ങൾക്ക് ഹറാം ആയതുകൊണ്ട് നിങ്ങളുടെ ഭക്ഷണം ഞങ്ങൾക്കും ഹറാം ആണ് എന്ന് ആരും പറയാറില്ല. മറ്റുള്ളവർ അവരുടെ വിശ്വാസങ്ങൾക്കനുസരിച്ച് കണിശമായ തീരുമാനങ്ങളെടുക്കുമ്പോൾ ദൈവജനം പലപ്പോഴും മറ്റുള്ളവരുടെ പ്രീതി ലഭിക്കാനായി വിശ്വാസജീവിതത്തിൽ വെള്ളം ചേർക്കുന്നവരാണ്.

സ്വന്തം ദൈവത്തെ വിട്ടു ഓടിപ്പോകുന്ന യോനയോട് ദൈവം കോപിക്കും എന്നും യോനയോടുകൂടെ കപ്പലിൽ ഉള്ളതുകൊണ്ട് ബാക്കിയുള്ളവർക്കും ആ കോപം തട്ടുമെന്നും ചിന്തിച്ച് അവർ അത്യന്തം ഭയപ്പെട്ടു. യോനാ കാരണം മറ്റുള്ളവരുടെ ജീവിതം കൂടി നശിക്കാൻ പോകുന്നു!

**(തുടരും)**

**അഡ്രസ്സുകൾ അയച്ചുതരിക**

ഈ മാസിക വായിക്കാൻ താത്പര്യമുള്ളവരുടെ അഡ്രസ്സ് അയച്ചുതരിക. വരിസംഖ്യ നിർബന്ധമില്ല. അഡ്രസ്സുകൾ 95 44 557 557 എന്ന മൊബൈൽ നമ്പറിൽ വാട്സാപ് ചെയ്യുക. SMS അയച്ചാലും മതി.

## നുണയന്മാരേ, നിങ്ങളുടെ തന്ത പിശാചാണ്

വഴക്കുകൂടുമ്പോൾ ജയിക്കാനായി നുണകൾ പറയുന്നവർ, സാക്ഷ്യങ്ങൾ പറയുമ്പോൾ ദൈവനാമമഹത്വത്തിനായി നുണ പറയുന്നവർ, ആളുകളെ രക്ഷയിലേക്ക് കൊണ്ടുവരാനായി നുണ പറയുന്നവർ, ഒരാളോടുള്ള അസൂയ നിമിത്തം അയാൾക്കെതിരെ മറ്റുള്ളവരോട് നുണ പറയുന്നവർ... ശ്രദ്ധിക്കുക: എല്ലാ നുണയന്മാരുടെയും തന്ത പിശാചാണ് (യോഹന്നാൻ 8:44).

# കുടുംബജീവിതം:
## ചില പ്രായോഗിക ചിന്തകൾ

**-എംവിഎസ്-**

**3**

### ഭാഗം ഒന്ന്: ആമുഖചിന്തകൾ

തുടക്കത്തിലെ പാളിച്ചകളെക്കുറിച്ചാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. അതായത്, വിവാഹാലോചന മുതൽ വിവാഹം നടക്കുന്ന നാൾ വരെയുള്ള കാലഘട്ടത്തിൽ ദൈവഹിതപ്രകാരമല്ലാത്ത കാര്യങ്ങൾ പലതും സംഭവിച്ചിരിക്കാം. അതിനു നാം ദൈവസന്നിധിയിൽ മാപ്പ് ചോദിച്ചില്ലെങ്കിൽ നമ്മുടെ കുടുംബജീവിതത്തിൽ അനുഗ്രഹനഷ്ടങ്ങൾ ഉണ്ടാകും എന്നുറപ്പാണ്.

തുടക്കത്തിൽ സംഭവിക്കാവുന്ന ചില തെറ്റുകൾ:

**1. സ്ത്രീധനത്തെക്കുറിച്ചുള്ള ചർച്ച** (ഇക്കാര്യം കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചതാണല്ലോ)

**2. നാട്ടുനടപ്പിനെക്കുറിച്ചുള്ള ചർച്ച**

സ്ത്രീധനത്തെക്കുറിച്ചുള്ള ചർച്ചയുടെ മറ്റൊരു രൂപമാണിത്. “ഞങ്ങൾക്ക് സ്ത്രീധനമൊന്നും വേണ്ട” എന്നു തുടക്കത്തിൽ പറയും. കാര്യങ്ങൾ മുന്നോട്ടു നീങ്ങിയാൽ “നാട്ടുനടപ്പ് പാലിക്കണം” എന്നും പറയും. സ്ത്രീധനത്തോടുള്ള എതിർപ്പും കാശിനോടുള്ള ആർത്തിയും രണ്ടുംകൂടി ഒരാളിൽ ഉണ്ടാകുമ്പോഴാണ് നാട്ടുനടപ്പ് എന്ന ആശയം മുന്നോട്ടുവയ്ക്കുന്നതെന്നു തോന്നുന്നു.

തൃശ്ശൂരിലെ ഒരു കുടുംബത്തിനുണ്ടായ അനുഭവം പറയാം. ഹൈന്ദവരായിരുന്നു അവർ. കൃപയാൽ രക്ഷിക്കപ്പെട്ട അവർ അനേകവർഷങ്ങളായി ഒരു പ്രാദേശികസഭയിൽ കൂടിവരുന്നു. അവരുടെ മൂത്ത മകൾക്ക് ചെന്നൈയിലെ ഒരു മലയാളികുടുംബത്തിൽ നിന്നും ഒരു ആലോചന വന്നു. അവരോടുകൂടെ ഞാനും ചെന്നൈയിലേക്ക് പോയിരുന്നു. “നിങ്ങൾ വല്ലതും പ്രതീക്ഷിക്കുന്നുണ്ടോ?” എന്ന് ഞാൻ ചോദിച്ചപ്പോൾ, “ഞങ്ങൾ അത് നേരത്തേ പറഞ്ഞതാണല്ലോ, ഞങ്ങൾക്ക് യാതൊരു നിബന്ധനയുമില്ല” എന്നു അവർ തറപ്പിച്ചു പറഞ്ഞു.

ആലോചന മുന്നോട്ടു നീങ്ങി. ഒടുവിൽ കല്യാണത്തീയതിയും കുറിച്ചു. അപ്പോഴാണ് ഒരു മലക്കംമറിച്ചിൽ അവർ നടത്തിയത്. “കല്യാണച്ചെല

വിന് വേണ്ടി വധുവിന്റെ വീട്ടുകാർ എന്തെങ്കിലും കൊടുക്കുന്നത് നാട്ടുനടപ്പാണ്. അങ്ങനെ ചെയ്യണം." പെൺകുട്ടിയുടെ വീട്ടുകാർ ഉടനെ മറുപടിയും പറഞ്ഞു: "നിങ്ങളുടെ വീട്ടിലെ കല്യാണച്ചെലവിന് ഞങ്ങൾ പണം തന്നാൽ ഞങ്ങളുടെ വീട്ടിലെ കല്യാണച്ചെലവ് നിങ്ങൾ നടത്തുമോ?" അതോടെ എല്ലാം കഴിഞ്ഞു. ആ കല്യാണം നടന്നില്ല. 'ആത്മാവ് ഉള്ളവർ' എന്നു സ്വയം വമ്പു പറയുന്ന കൂട്ടരുടെ ഭാഗത്തുനിന്നാണ് ആത്മാവില്ലെന്നു കാണിക്കുന്ന നാട്ടുനടപ്പ് എന്ന ആശയം വന്നത്. (ആ പെൺകുട്ടിയുടെ വിവാഹം ഏതാനും മാസങ്ങൾക്കുള്ളിൽ മറ്റൊരു വിശ്വാസിയുമായി നടന്നു)

2023 ൽ സംഭവിച്ച കാര്യമാണിത്. ആ വർഷം തന്നെ എന്റെ മൂത്ത മകൾക്ക് ഒരാലോചന വന്നു. 'വചനനിഷ്ഠയുള്ള സഹോദരന്മാർ' എന്നു സ്വയം അഭിമാനിക്കുന്ന കൂട്ടരായിരുന്നു അവർ. പണം പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ വേണ്ട എന്നു ഞാൻ ആദ്യമേ പറഞ്ഞിരുന്നു. അവർ വന്നു കണ്ടു. തീരുമാനമായി. അപ്പോൾ അവരുടെ ഭാഗത്തുനിന്നും ഒരു സഹോദരൻ മുക്കിയും മൂളിയും കാര്യം പറഞ്ഞു: "നാട്ടുനടപ്പുണ്ടല്ലോ... അതനുസരിച്ച്..." അയാളെ മുഴുമിപ്പിക്കാൻ അനുവദിക്കാതെ ഞാൻ പറഞ്ഞു: "ചെറുക്കന്റെ വീട്ടിലെ കല്യാണച്ചെലവ് ഞങ്ങൾ നടത്തണം എന്നു പറഞ്ഞാൽ അത് നടക്കില്ല. ഞങ്ങളുടെ വീട്ടിൽ നിന്നും പണം കിട്ടി, അതുകൊണ്ട് കല്യാണച്ചെലവ് നടത്തേണ്ട ഗതികേടുള്ള പയ്യനെ ഞങ്ങൾക്ക് വേണ്ട."

അതോടെ വിവാഹാലോചന മുടങ്ങുകയാണെന്നു കണ്ട ബലഹീനനായ ഞാൻ ഒന്നു താഴ്ന്നുകൊണ്ട് അവരെ വിളിച്ച് പറഞ്ഞു: "ഞാൻ എന്റെ മോളുടെ പേരിൽ ഒരു തുക ഫിക്സഡ് ഡെപ്പോസിറ്റ് ഇടും. അത് എത്രയാണെന്നു നിങ്ങളോടു പറയില്ല. മാത്രമല്ല അത് അവളുടെ പേരിലായിരിക്കും. അപ്പനായ ഞാൻ എന്റെ മോൾക്കാണ് പണം കൊടുക്കേണ്ടത്." ഞാൻ ഇങ്ങനെ പറഞ്ഞതിനു എന്റെ രണ്ടു പെൺമക്കളും എന്റെ നേരെ പ്രതിഷേധിച്ചു. "പപ്പാ എന്തിനാണ് ഇങ്ങനെ അവരോട് പറയാൻ പോയത്? ഇതൊന്നും പറയാതെ വരുന്ന ആലോചന മതി."

ഏതായാലും ആ കല്യാണം നടന്നില്ല. "ഞങ്ങൾക്ക് ആ പണം കല്യാണത്തിന് പ്രയോജനപ്പെടാത്തതുകൊണ്ട് ഞങ്ങൾ പിന്മാറുന്നു" എന്നു അവർ വിളിച്ചുപറഞ്ഞു. ഉള്ളിലൊരു നീറ്റൽ എനിക്ക് അനുഭവപ്പെട്ടു. ഞാൻ എന്റെ വീട്ടിലും എന്റെ കൂട്ടുസഹോദരങ്ങളോടും പറഞ്ഞു: "എന്റെ മോൾക്ക് 28–29 വയസ്സാവുന്നതുവരെ ഞാൻ ഈ നയവുമായി മുന്നോട്ടു പോകും. 28–29 വയസ്സായിട്ടും അവളുടെ വിവാഹം നടന്നില്ലെങ്കിൽ, തോറ്റവനായി, ഞാൻ ഈ നയത്തിൽനിന്നു പിന്മാറും." പക്ഷേ ദൈവം ഈ പാവത്തെ കൈവിട്ടില്ല. എന്റെ മൂത്ത മകളുടെ വിവാഹം മറ്റൊരു വിശ്വാസിയുമായി 2023 ൽ തന്നെ കഴിഞ്ഞു.

ഭാര്യയെ പോറ്റിപ്പുലർത്താനാണ് ഭർത്താവിനോട് ബൈബിൾ ആവശ്യപ്പെടുന്നത്. ഭാര്യവീട്ടിൽനിന്നു ലഭിക്കുന്ന പണം കൊണ്ട് കല്യാണച്ചെലവ് നടത്തേണ്ട ഗതികേടുള്ളവൻ എങ്ങനെ ഭാര്യയെ പോറ്റിപ്പുലർത്തും? കല്യാണം കഴിഞ്ഞാൽ അവനെ തുടർന്നും തീറ്റിപ്പോറ്റേണ്ട ഗതികേട് ആണ് ഭാര്യവീട്ടുകാർക്ക് ഉണ്ടാകുന്നത്. പല ഭാര്യവീട്ടുകാരും അങ്ങനെ മരുമോനെ തീറ്റിപ്പോറ്റുന്നുമുണ്ട്. മരുമോന് പരമസുഖം. അവൻ 'ലാവിഷ്' ആയി ജീവിക്കും. കടം വരുത്തും. ഭാര്യവീട്ടുകാർ അത് അടച്ച് വീട്ടിക്കൊള്ളും. (മരുമകന് വരുന്ന പ്രതിസന്ധി ഘട്ടങ്ങളിൽ ഭാര്യവീട്ടുകാർ അവനെ സഹായിക്കുന്നതിനെയല്ല ഞാൻ ഇവിടെ വിമർശിച്ചിരിക്കുന്നത്)

പണത്തിന്റെ ചിന്തയാണ് പല വിശ്വാസികളെയും തകർത്തുകളയുന്നത്. ദൈവനാമം ദുഷിക്കപ്പെടാനും ഇതുനിമിത്തം കാരണമാകുന്നു. പാട്ടും പ്രാർത്ഥനയുമുണ്ട്. പക്ഷേ പണത്തോടുള്ള ആർത്തി നിമിത്തം വിശ്വാസിയുടെ പാട്ടും പ്രാർത്ഥനയും വെറും പ്രഹസനങ്ങളായി മാറുന്നു. പെൺമക്കളുടെ മാതാപിതാക്കൾ ഇതു നിമിത്തം നെടുവീർപ്പിട്ടും കരഞ്ഞും കഴിയുന്നുണ്ട് എന്ന യാഥാർത്ഥ്യം വിശ്വാസിസമൂഹം തിരിച്ചറിയണം. അവരുടെ നെടുവീർപ്പും കണ്ണീരും ശാപത്തിന്റെ വലിയ ഭാണ്ഡക്കെട്ടുകളായി പരിണമിച്ച് നമ്മുടെ ആരുടെയും വീട്ടിലേക്ക് വന്നുചേരരുത്.  ദൈവവുമായുള്ള സഖിത്വമുണ്ടെന്നു വലിയ വായിൽ അവകാശപ്പെടുകയും അതേസമയം പിശാചിനെ കെട്ടിപ്പിടിച്ചുകൊണ്ട് നിൽക്കുകയും ചെയ്യുന്നത് ഒരു വിശ്വാസിക്ക് നല്ലതല്ല.

നാട്ടുനടപ്പ് എന്നു വച്ചാൽ അതിനെ മനുഷ്യരുടെ സമ്പ്രദായം എന്നും പറയാമല്ലോ. കർത്താവ് പറയുന്നത് കേൾക്കുക: "കപടഭക്തിക്കാരായ നിങ്ങളെക്കുറിച്ച് യെശയ്യാവ് പ്രവചിച്ചത് ശരി. *ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എങ്കൽനിന്നു ദൂരത്ത് അകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ ഉപദേശിക്കുന്നതുകൊണ്ട് എന്നെ വ്യർഥമായി ഭജിക്കുന്നു* എന്നു എഴുതിയിരിക്കുന്നതുപോലെ തന്നെ. നിങ്ങൾ ദൈവകല്പന വിട്ടുംകളഞ്ഞ് മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു." (മർക്കൊസ് 7:6–8).

ഇവിടെ കർത്താവ് എന്താണ് പറഞ്ഞത് എന്ന് വ്യക്തമായി മനസ്സിലാക്കാനാണ് ചില വാക്കുകൾ അടിവരയിട്ടിരിക്കുന്നത്. നാട്ടുനടപ്പിനെക്കുറിച്ച് പറയുന്നവർ കപടഭക്തിക്കാരും ദൈവകല്പന വിട്ടുകളഞ്ഞവരും ദൈവത്തെ വ്യർത്ഥമായി ആരാധിക്കുന്നവരുമാണെന്നാണ് കർത്താവ് ഇവിടെ വ്യക്തമാക്കിയത്. എന്നിട്ടും ദൈവമക്കളെന്നു ഊറ്റം കൊള്ളുന്നവർ നാട്ടുനടപ്പിന്റെ കാര്യം പറഞ്ഞ് വിലപേശുന്നു!

**(തുടരും)**


# ഒരുമിച്ച് 50 വർഷങ്ങൾ

കുടുംബജീവിതത്തിൽ 50 വർഷം പൂർത്തിയാക്കിയ
വിശ്വാസികളായ ദമ്പതികളുമായുള്ള അഭിമുഖം

**-എംവിഎസ്-**

**Episode 3**

**തൃശ്ശൂർ ലാലൂരിലെ 'ക്രിസ്തുസഭ' 2025 ഡിസംബർ 1 മുതൽ 'ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ച്, ലാലൂർ' ആയി പേര് മാറ്റി. ആ കൂടിവരവിലെ എൽഡറാണ് 81 വയസ്സ് പിന്നിട്ട 'വർക്ക്യേട്ടൻ' എന്നു വിളിക്കപ്പെടുന്ന ബ്രദർ സി. ജെ. വർഗ്ഗീസ്. ഭാര്യയുടെ പേര് മേരി. വിവാഹജീവിതത്തിൽ 55 വർഷങ്ങൾ പിന്നിട്ട അദ്ദേഹവുമായി, 6-12-2025 ൽ അദ്ദേഹത്തിന്റെ വീട്ടിൽ വച്ച് ഞാൻ നടത്തിയ അഭിമുഖത്തിൽനിന്ന്...**



എന്റെ ചോദ്യങ്ങളും
അദ്ദേഹത്തിന്റെ മറുപടിയും:

*1. നിങ്ങൾ വിവാഹിതരാകാനുള്ള സാഹചര്യം എന്തായിരുന്നു? ആരാണ് ആലോചനയുമായി മുന്നോട്ട് വന്നത്?*

ഞാൻ കത്തോലിക്കനായിരുന്നു. പിന്നീട് രക്ഷിക്കപ്പെട്ട്, ആലുവയിലെ ഒരു ബ്രദറൺ സഭയിൽ കൂടിവരാൻ തുടങ്ങി. ഞങ്ങൾ പലരോടൊപ്പം സുവിശേഷവേലയ്ക്ക് പോകുമായിരുന്നു.


അങ്ങനെയൊരു ദിവസം കൊരട്ടിയിൽ വേലയ്ക്ക് ചെന്നപ്പോൾ, ആ ടീമിലുണ്ടായിരുന്ന കുഞ്ഞില എന്ന സഹോദരി എന്നെ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. കൂട്ടത്തിലെ ബാക്കിയുള്ളവരെല്ലാം വയസ്സന്മാരായിരുന്നു. ചെറുപ്പക്കാരനായ ഞാൻ ലഘുലേഖകൾ കൊടുക്കുന്നത് കണ്ടപ്പോൾ കുഞ്ഞില സഹോദരി എന്നെക്കുറിച്ച് താത്പര്യത്തോടെ ചോദിച്ചറിഞ്ഞു. പിന്നീട് ചില നാളുകൾക്ക്ശേഷം സ്വന്തം മകൾ മേരിക്ക് എന്നെ ആലോചിക്കുകയും ചെയ്തു.

*(തൃശ്ശൂർ ക്രിസ്തുസഭയിലെ എൽഡറായിരുന്ന കെ. ആർ ജോസിന്റെ മാതാപിതാക്കളാണ് കെ.എം. റാഫേൽ -കുഞ്ഞില ദമ്പതികൾ. അവരുടെ നാലു മക്കളിൽ ഏകമകളാണ് മേരി. ജീവദ്ധ്വനി മാസികയുടെ എഡിറ്റർ ആയിരുന്ന ശ്രീ. കെ. ആർ ജോസിന്റെ ഒരേയൊരു പെങ്ങൾ)*

*2. എന്ന്, എവിടെവച്ച് ആയിരുന്നു നിങ്ങളുടെ വിവാഹം? ആരായിരുന്നു ശുശ്രൂഷകൻ?*



1970 മെയ് 20–ാം തീയതിയായിരുന്നു ഞങ്ങളുടെ വിവാഹം. മേരിയുടെ പിതാവ് കളത്തിൽ റാഫേലിന്റെ (കെ.എം. റാഫേൽ) വീട്ടിൽ ആണ് അന്ന് സഭ കൂടിവന്നിരുന്നത്. അവിടെ വച്ച് അദ്ദേഹം തന്നെയാണ് ഞങ്ങളുടെ വിവാഹം നടത്തിയത്.



*3. എത്ര മക്കളാണ്? അവരൊക്കെ എന്തു ചെയ്യുന്നു? എല്ലാവരും വിശ്വാസികളാണോ?*

ഞങ്ങൾക്ക് 4 മക്കൾ. മൂന്ന് ആണും, ഒരു പെണ്ണും. മക്കളുടെ പേരുകൾ – ബിനോയ്, ബിജോയ്, ബെറ്റി, ബെന്നറ്റ്. എല്ലാവരും വിവാഹിതരാണ്. എല്ലാവരും വിശ്വാസികളാണ്. എനിക്ക് 9 കൊച്ചുമക്കളുണ്ട്. ഞങ്ങളുടെ മൂത്തമകൻ ബിനോയ് 2025 നവംബർ 9–ാം തീയതി കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.



**ബിനോയ് വർഗ്ഗീസ് (54)**

*4. മനസ്സിൽ സന്തോഷം തോന്നിയ ഒന്നു രണ്ട് സംഭവങ്ങൾ?*

എന്റെ ചെറുപ്പകാലത്ത് മണ്ണുകൊണ്ടുള്ള ഇഷ്ടിക കൊണ്ട് പണിത ഒരു വൈക്കോൽപ്പുരയിലാണ് ഞാൻ കഴിഞ്ഞിരുന്നത്. ചെത്തിത്തേച്ച ചുമരുള്ള വീട്ടിൽ കഴിയണം എന്നത് അക്കാലത്തെ എന്റെ വലിയ ആഗ്രഹമായിരുന്നു. എന്നാൽ പിന്നീട് ദൈവം അത് സാധ്യമാക്കിത്തന്നു. കുറച്ചുകാലം വാടകയ്ക്ക് താമസിച്ചിട്ടുണ്ട്. 1995 ൽ സ്വന്തമായി വീട് പണിത് അതിൽ താമസമാരംഭിച്ചു.

ഏകദേശം 12 വർഷങ്ങൾക്ക് മുമ്പ് എനിക്ക് ബ്ലഡ് ക്യാൻസർ പിടിപെട്ടു. കീമോ ചെയ്തു. അനേകം ദൈവമക്കൾ എനിക്ക് വേണ്ടി പ്രാർത്ഥിച്ചു. ദൈവം എനിക്ക് വിടുതൽ നൽകി. ദൈവത്തിനു സ്തോത്രം! ഈ നിമിഷം വരെയും ദൈവം ആരോഗ്യത്തോടെ വഴി നടത്തുന്നു.

*5. മനസ്സിൽ വേദന തോന്നിയ ചില കാര്യങ്ങൾ?*

എന്റെ പല പ്രാർത്ഥനകളും ദൈവം കേട്ട് ഉത്തരമരുളിയിട്ടുണ്ടെങ്കിലും എന്റെ പ്രാർത്ഥനകൾക്ക് 'നോ' (No) പറഞ്ഞ സന്ദർഭങ്ങളും ധാരാളമുണ്ട്.

ഞാൻ കെഎസ്ആർടിസി (KSRTC)യിൽ അസിസ്റ്റൻഡ് ഡിപ്പോ എഞ്ചിനീയർ ആയിരുന്നു. 1999 ൽ റിട്ടയർ ആയി. എനിക്കർഹതപ്പെട്ട പ്രൊമോഷൻ ജോലിയിൽ ലഭിച്ചിരുന്നില്ല. മൂത്ത മകൻ ബിനോയ് മരണത്തിൽനിന്ന് വിടുവിക്കപ്പെടേണ്ടതിനായി വലിയ ഭാരത്തോടെ പ്രാർത്ഥിച്ചുവെങ്കിലും ആ പ്രാർത്ഥനയ്ക്കും ദൈവം 'നോ' പറഞ്ഞു. മനസ്സിൽ വേദന തോന്നിയെങ്കിലും ഒന്നിലും പരാതിയോ പരിഭവമോ ഇല്ല.

*6. മൂത്ത മകന് എന്താണ് സംഭവിച്ചത്?*

ആമാശയത്തിൽ ക്യാൻസർ ആയിരുന്നു. പക്ഷേ അത് തിരിച്ചറിയാൻ വളരെ വൈകി. കിഡ്നിക്ക് തടിപ്പുണ്ട് എന്ന് പറഞ്ഞ് ചികിത്സ ആ വഴിക്കായിരുന്നു. ഗൾഫിലെ ഒരു ഡോക്ടറുടെ നിർബന്ധപ്രകാരം എൻഡോസ്കോപി ചെയ്തപ്പോഴാണ് ആമാശയത്തിനാണ് പ്രശ്നമെന്ന് മനസ്സിലായത്. വളരെ വൈകിപ്പോയിരുന്നു. ചികിത്സിച്ചു. പ്രാർത്ഥിച്ചു. ഫലമുണ്ടായില്ല. 2025 നവംബർ 9–ാം തീയതി രാവിലെ 3–30 തിന് അവൻ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അവന് ഭാര്യയും രണ്ട് മക്കളുമുണ്ട്.

*7. അപ്പന് കാൻസറിൽനിന്ന് വിടുതൽ കൊടുത്ത ദൈവം മകന് വിടുതൽ കൊടുത്തില്ല! ഈ വൈരുദ്ധ്യത്തെ എങ്ങനെ നോക്കിക്കാണുന്നു?*

ദൈവം നമ്മുടെ ഇഷ്ടപ്രകാരമല്ല കാര്യങ്ങൾ ചെയ്യുന്നത്. അവന് വേണ്ടി ഞങ്ങൾ പ്രാർത്ഥിച്ചു. സഭ പ്രാർത്ഥിച്ചു. മറ്റനേകർ പ്രാർത്ഥിച്ചു. ദൈവം വിടുതൽ തരും എന്ന് ഞങ്ങൾ നിശ്ചയമായും വിശ്വസിച്ചു. അവന് രോഗസൗഖ്യം വന്നതിനുശേഷം സഭാഹാളിൽ സാക്ഷ്യം പറയണമെന്നും എല്ലാവർക്കും ഭക്ഷണം കൊടുക്കണമെന്നും ഞങ്ങൾ ആഗ്രഹിച്ചിരുന്നു. പക്ഷേ ദൈവഹിതം മറ്റൊന്നായിരുന്നു. ദൈവം തന്റെ ഇഷ്ടപ്രകാരം കാര്യങ്ങൾ ചെയ്യുന്നതിനെ ഞാൻ അംഗീകരിക്കുന്നു.

*8. ദാമ്പത്യജീവിതത്തിൽ നിങ്ങൾ പരസ്പരം വഴക്കടിച്ചിട്ടുണ്ടോ?*

ഇല്ല. എന്റെ അപ്പൻ പട്ടാളക്കാരനായിരുന്നു. ആർക്കും കീഴ്പ്പെടുന്ന സ്വഭാവമോ ആരുടെയെങ്കിലും മുമ്പിൽ താഴുന്ന സ്വഭാവമോ അദ്ദേഹത്തിനില്ലായിരുന്നു. ഞാൻ അതിൽനിന്ന് വ്യത്യസ്തമായ വഴിയിലൂടെ നടക്കാൻ ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് ഞങ്ങളുടെ കുടുംബജീവിതം സമാധാനപരമായി മുന്നേറുന്നു.

*9. നല്ല കുടുംബജീവിതം നയിക്കാൻ നാം എന്തു ചെയ്യണം?*

തിരുവചനപ്രകാരം വിധേയപ്പെടണം. എന്തിനും അടിസ്ഥാനപ്രമാണം തിരുവെഴുത്താണ്. ഭാര്യാഭർത്താക്കന്മാർ വിശ്വസ്തത കാണിക്കണം. കുടുംബജീവിതം ഭദ്രമായിരിക്കും. ❍

എംവിഎസ്

# ദൈവന്നേക്കുമര്‍

31

## മാതൃസഭയുടെ മൂല്യം

ഓരോ വിശ്വാസിയുടെയും ആത്മീയവളർച്ചയിൽ നിർണ്ണായക പങ്ക് വഹിക്കുന്നത്, ആ വിശ്വാസിയെ ക്രിസ്തുവിങ്കലേക്ക് നടത്തുകയും വചനം പഠിപ്പിക്കുകയും ചെയ്ത സഭയാണ് – അവന്റെ/അവളുടെ മാതൃസഭ. ആദ്യമായി വചനം പഠിപ്പിച്ച വ്യക്തി/വ്യക്തികൾ, ആദ്യമായി കൂടിവന്ന സഭ ഇതിനെല്ലാം വലിയ പ്രാധാന്യം ഒരു വ്യക്തിയുടെ ജീവിതത്തിൽ ഉണ്ട്. ഉണ്ടാകണം. മാതൃസഭയെ അവഗണിക്കുന്നത് തികഞ്ഞ നന്ദികേടായിരിക്കും എന്ന് ഓരോരുത്തരും ഓർക്കുക.

വിവാഹം കഴിഞ്ഞ് പോകുന്ന യുവതികളായ സഹോദരിമാർ, ജോലിക്കായി ദൂരദേശത്തേക്ക് പോകുന്ന വിശ്വാസികൾ എന്നിവരെല്ലാം പുതുതായി ചെന്നെത്തിയ സ്ഥലത്തെ പുതിയ കൂടിവരവും പുതിയ ശുശ്രൂഷകന്മാരെയും പുതിയ ശുശ്രൂഷകളും കാണുമ്പോൾ പഴയത് – തങ്ങളുടെ മാതൃസഭയെയും ശുശ്രൂഷകന്മാരെയും – മറക്കുന്നത് നന്ദികേടാണെന്നു മാത്രമല്ല, അനുഗ്രഹങ്ങൾക്ക് തടസ്സവും കൂടിയാണ്.

**എന്റെ അനുഭവം**

എന്നെ വചനം പഠിപ്പിക്കുകയും ആത്മീയമായി വളർത്തുകയും ചെയ്ത മാതൃസഭയിൽ നിന്ന് എനിക്ക് പിണങ്ങിപ്പോകേണ്ടിവന്നു. ഓരോ ദിവസവും ഞാൻ അക്കാര്യമോർത്ത് അസ്വസ്ഥനായിരുന്നു. പിണങ്ങിപ്പോയ കാലഘട്ടത്തിൽ ആ സഭയിലുള്ള ആരെയും ഒരിടത്തും കുറ്റം പറയാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഏകദേശം പതിനാല് വർഷങ്ങൾക്കുമുമ്പ് ഞാൻ മാതൃസഭയോട് ഖേദം രേഖപ്പെടുത്തിയും എന്റെ ഭാഗത്തുനിന്ന് വന്ന വേദനിപ്പിക്കുന്ന അനുഭവങ്ങൾക്ക് ക്ഷമ പറഞ്ഞും നിരപ്പു പ്രാപിച്ചു. മാതൃസഭയുടെ മൂല്യം എനിക്ക് ദൈവം മനസ്സിലാക്കിത്തന്നിരുന്നു.

മാതൃസഭയിൽ നിന്ന് പിണങ്ങിപ്പോയവർ ആ സഭയെ ഇല്ലാതാക്കാൻ നോക്കുന്ന പ്രവണത ഞാൻ നേരിട്ട് അനുഭവിച്ചിട്ടുണ്ട്. മാതൃസഭയെ അവഗണിക്കുന്നതു തന്നെ തെറ്റാണ്. അതും പോരാഞ്ഞ് ആ സഭയെ ഇല്ലാതാക്കാൻ കൂടി നോക്കിയാൽ! അനുഗ്രഹത്തിന്റെ വാതിലുകൾ കൊട്ടിയടച്ച് ശാപത്തിന്റെ ഉറവകൾ സ്വയം തുറക്കുന്ന തരത്തിലുള്ള ചെയ്തികളാണിതെല്ലാം.

### മാതൃസഭയോട് നന്ദിയുള്ള ചില സഹോദരിമാർ

വിവാഹം കഴിഞ്ഞ് മറ്റൊരു സ്ഥലത്തേക്കു പോയെങ്കിലും നാട്ടിൽ വരുമ്പോൾ മാതൃസഭയിൽ ദൈവത്തെ ആരാധിക്കാൻ പോകണമെന്ന് നിർബന്ധമുള്ള ചില സഹോദരിമാരെ കാണുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഒരു സഹോദരിയോട് ഞാൻ ഇങ്ങനെ ചോദിച്ചു: "നിങ്ങളുടെ അപ്പൻ ആ സഭയിൽ നിന്ന് മാറിപ്പോയല്ലോ. ഇനിയും അവിടെ ആരാധനയ്ക്ക് പോകുമ്പോൾ അപ്പന് വേദന തോന്നില്ലേ?" ഉടനെ ആ സഹോദരി മറുപടി പറഞ്ഞത് ഇപ്രകാരമാണ്: "എന്നെ വചനം പഠിപ്പിച്ച സഭയാണത്. എന്നെ വിവാഹം കഴിപ്പിച്ചയച്ചത് ആ സഭയാണ്. എന്റെ മാതൃസഭയെ എനിക്ക് മറക്കാൻ പറ്റില്ല." നൂറിൽ നൂറ് മാർക്ക് കൊടുക്കാവുന്ന ഉത്തരമാണ് അത്. ആ സഹോദരി ഇനിയും അനുഗ്രഹിക്കപ്പെടുമെന്ന് ഉറപ്പാണ്.

മറ്റൊരു സഹോദരി ഗൾഫിൽ നഴ്സ് ആയി ജോലി ചെയ്യുന്നു. കേരളത്തിൽ തന്റെ മാതൃസഭയിലെ പാസ്റ്ററുടെ ഭാര്യ മരിച്ചപ്പോൾ ഗൾഫിൽനിന്ന് ഉടനെ വരികയും സംസ്കാരശുശ്രൂഷയിൽ പങ്കെടുത്ത് പിറ്റെ ദിവസം തന്നെ തിരിച്ചുപോവുകയും ചെയ്തു. ഒരു പക്ഷേ ഗൾഫിൽനിന്ന് ആ സഹോദരി വന്നില്ലെങ്കിൽ പോലും ആരും ഒന്നും പറയുകയില്ല. പക്ഷേ മാതൃസഭ എന്ന വികാരം ആ സഹോദരിയെക്കൊണ്ട് അങ്ങനെ ചെയ്യിച്ചു. അതിന്റെ പേരിൽ ചെലവാക്കിയ പണമോ സമയമോ അദ്ധ്വാനമോ ഒന്നും ആ സഹോദരിക്ക് നഷ്ടം വരുത്തുകയില്ല. അതിലപ്പുറമായി ദൈവം കൊടുക്കും എന്നുറപ്പാണ്. (ഈ രണ്ട് സഹോദരിമാരെയും എനിക്ക് വ്യക്തിപരമായി അടുത്തറിയാവുന്നവരാണ്)

തൃശ്ശൂർ ലാലൂരിലെ ക്രിസ്തുസഭ പ്രസിദ്ധീകരിച്ച 'കരിസ്മ' എന്ന പുസ്തകത്തിൽ, ജീവധ്വനി മാസികയുടെ എഡിറ്ററായിരുന്ന ബ്രദർ കെ. ആർ.ജോസിന്റെ മൂത്ത മകൾ ഫാനി സ്റ്റാൻലി എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: "എന്റെ വ്യക്തിത്വരൂപീകരണത്തിൽ എന്റെ മാതൃസഭയായ ക്രിസ്തുസഭ സജീവമായ പങ്കുവഹിച്ചിട്ടുണ്ട്. **മാതാപിതാക്കളുടെ മാത്രമല്ല, എന്റെ സഭയുടെയും മകളാണ് ഞാൻ.**" (*വല്യപ്പച്ചന്റെ ഓർമ്മകളിലൂടെ* 'കരിസ്മ' പേജ് 46). എത്ര ഉന്നതമായ തിരിച്ചറിവാണത്! തന്റെ വ്യക്തിത്വരൂപീകരണത്തിൽ തന്റെ മാതൃസഭ ചെലുത്തിയ സ്വാധീനവും മാതൃസഭയുടെ അദ്ധ്വാനവും മറന്നുപോകാത്ത ഒരു സഹോദരിയെയാണ് ഈ വാചകങ്ങളിൽ നാം കാണുന്നത്.

വിവാഹം കഴിഞ്ഞുപോകുന്നവരും വിദേശത്ത് പോകുന്നവരുമായ പല വിശ്വാസികളും മാതൃസഭയെ മനസ്സോടെ മറന്നുകളയുന്നു. വചനപ്രകാരം നീങ്ങിക്കൊണ്ടിരിക്കുന്നതാണ് മാതൃസഭയെങ്കിൽ അതിനെ നിന്ദിക്കരുതേ... അവഗണിക്കരുതേ... തകർക്കാൻ നോക്കരുതേ... ❍

# തട്ടും തലോടലും

**-എംവിഎസ്-**

10

**ചിറ്റാർ തോട്ടം ഗവ. എൽപി സ്കൂളിലെ ബൂത്തിൽ വോട്ട് ചെയ്യാനെത്തിയ മരുമകൾക്കെതിരെ ബൂത്ത് ഏജന്റായ അമ്മായിയമ്മ തടസ്സവാദം ഉന്നയിച്ചു. അര മണിക്കൂറോളം വോട്ടിങ് തടസ്സപ്പെട്ടു. (2025 ഡിസംബർ 10 ലെ പത്രവാർത്ത)**

അമ്മായിയമ്മ-മരുമകൾ പോര് എന്ന കലാരൂപം ആരാണാവോ ആദ്യം തുടങ്ങിയത്? ഇപ്പോഴിതാ അത് പോളിങ്ബൂത്തിലും എത്തിയിരിക്കുന്നു! മരുമകളെ സ്വന്തം മകളായി കാണാൻ അമ്മായിയമ്മയും, അമ്മായിയമ്മയെ സ്വന്തം അമ്മയായി കാണാൻ മരുമകളും തയ്യാറായാൽ മാത്രമേ ഈ പ്രശ്നം തീരുകയുള്ളൂ.

**ബൈബിൾ വിതരണം ചെയ്യുന്നതും മതപ്രസംഗം നടത്തുന്നതും 2021 ലെ ഉത്തർപ്രദേശ് മതപരിവർത്തന നിരോധന നിയമപ്രകാരം കുറ്റകൃത്യമല്ലെന്ന് അലഹാബാദ് ഹൈക്കോടതി. (2025 ഡിസംബർ 10 ലെ പത്രവാർത്ത)**

ക്രിസ്ത്യാനികൾ ബൈബിൾ വിതരണം ചെയ്യുന്നതിനെ ചിലർ ഭയക്കുന്നതെന്തിന്? ശരീരത്തിനും മനസ്സിനും ഹാനികരമായ മദ്യം, പുകയില, കഞ്ചാവ് എന്നിവയുടെ വിതരണം തടയാൻ ശ്രമിക്കാത്തവർ, ദൈവസ്നേഹത്തെയും ദൈവഹിതത്തെയും കുറിച്ച് പറയുന്ന ബൈബിളിന്റെ വിതരണം തടയാൻ ഗുണ്ടായിസം കാണിക്കുന്നത് എന്തിന്? അത് വായിച്ച് ആരെങ്കിലും ക്രിസ്ത്യാനിയാകും എന്നു കരുതിയാണോ? അങ്ങനെയെങ്കിൽ അത് പുസ്തകത്തിന്റെ ഉള്ളടക്കത്തിന്റെ സവിശേഷത നിമിത്തമല്ലേ? കൂടുതൽ നല്ലത് കണ്ടാൽ ആരായാലും അത് ഇഷ്ടപ്പെട്ടു പോവില്ലേ?

**കേരളത്തിൽ നടക്കുന്നത് നുണറായിസം: സുരേഷ്ഗോപി (2025 ഡിസംബർ 8 ലെ പത്രവാർത്ത)**

കേരളത്തിൽ മാത്രമല്ല, കുടുംബങ്ങളിലും ദൈവസഭകളിലും എല്ലാം നുണറായിസം ഉണ്ട്. നുണകളുടെ കൂമ്പാരം തീർത്താണ് ഇവിടെ പലരും ജീവിക്കുന്നത്. സ്വയം ജയിക്കാനായും മറ്റുള്ളവനെ വെട്ടിവീഴ്ത്താനുമായി നടക്കുന്ന ചിലരുടെ കയ്യിലെ ഏകായുധം നുണയാണ്. വളരെ തന്മയത്വത്തോടെ നുണ പറയുന്ന വിശ്വാസികളെ കണ്ട് ഞാൻ അന്തം വിട്ടുപോയിട്ടുണ്ട്. ചിലരുടെ നുണകൾ കേട്ടാൽ നുണയുടെ പിതാവെന്ന് ബൈബിൾ വിളിക്കുന്ന പിശാച് പോലും മൂക്കത്തു വിരൽവച്ചുപോകും.

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വിദ്യാഭ്യാസ ധനസഹായത്തിനായി നൽകിയ അപേക്ഷകൾ പുഴയരികിലെ കുറ്റിക്കാട്ടിൽ തള്ളി. കൊല്ല ങ്കോട് ട്രൈബൽ ഓഫീസിൽ നൽകിയ പതിനഞ്ചോളം അപേക്ഷക ളാണ് ഇങ്ങനെ ഉപേക്ഷിച്ചത് (2025 നവംബർ 26 ലെ പത്രവാർത്ത)**

ചെയ്യുന്ന ജോലി ഉത്തരവാദിത്വത്തോടെ ചെയ്യാൻ മനസ്സില്ലാത്ത കുറെ പാഴ്ജന്മങ്ങൾ ഈ ഭൂമിയിലുണ്ട്. ഇവന്റെയൊന്നും തറവാട്ടുവക സ്വത്തിൽ നിന്ന് കൊടുക്കാനല്ല ആ വിദ്യാർത്ഥികൾ അപേക്ഷ നൽകിയത്. പട്ടിക വർഗ്ഗക്ഷേമത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ള തുകയിൽ നിന്ന് ഒരു സഹായം കിട്ടാനാണ് അവർ ആഗ്രഹിച്ചത്. പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി യുള്ള ഓഫീസുകൾ ഇങ്ങനെ പെരുമാറാൻ തുടങ്ങിയാൽ? പുഴയരികിലെ കുറ്റിക്കാട്ടിൽ ഉപേക്ഷിച്ച മന്ദബുദ്ധികളോട് ഒരു കാര്യം ഞാൻ പറയാം. ഇനി മേലാൽ അങ്ങനെ ചെയ്യരുത്. വീട്ടിൽ കൊണ്ടുപോയി കത്തിച്ചുകള യുക. അതാണ് നല്ലത്. തങ്ങൾ കൊടുത്ത അപേക്ഷകൾ വലിച്ചെറിയപ്പെട്ട നിലയിൽ കണ്ടെത്തുമ്പോൾ ആ കുട്ടികൾക്കുണ്ടാകുന്ന അപമാനവും സങ്ക ടവും ഇല്ലാതാക്കാൻ അങ്ങനെ കഴിയും.

**പൊലീസ് ഇൻസ്പെക്ടർക്ക് സ്വന്തം രക്തം കൊണ്ട് പ്രേമലേഖന മെഴുതിയ യുവതി, തന്നെ പ്രണയിച്ചില്ലെങ്കിൽ മരിക്കുമെന്ന് ഭീഷണി മുഴക്കി. (2025 ഡിസംബർ 19 ലെ പത്രവാർത്ത)**

ബാംഗ്ലൂരിൽ നടന്ന സംഭവമാണിത്. നമ്മുടെ യുവതലമുറയുടെ മനോ നില എത്രമാത്രം ദുർബ്ബലമാണ് എന്നതിന്റെ മറ്റൊരു ഉദാഹരണമാണിത്. പ്രേമാഭ്യർത്ഥന നിരസിച്ചുവെന്ന കാരണത്താൽ യുവതികളെ കൊന്നുക ളഞ്ഞ മനോരോഗികളായ കാമുകന്മാരെക്കുറിച്ചുള്ള വാർത്തകൾ നാം കേട്ടി ട്ടുണ്ട്. ഇപ്പോഴിതാ യുവതി ചോര കൊണ്ട് പ്രേമാഭ്യർത്ഥന എഴുതി ആത്മ ഹത്യാഭീഷണി മുഴക്കിയിരിക്കുന്നു! എന്നിട്ടെന്തുണ്ടായി? ഇൻസ്പെക്ടർ പരാതി നൽകിയതോടെ യുവതിയെ അറസ്റ്റ് ചെയ്തു. യുവതിയുടെ സ്നേഹ ത്തിന്റെ (അതോ, കാമത്തിന്റെയോ) വാർത്ത ഇന്ത്യ മൊത്തം അറിഞ്ഞു.

താൻ വിചാരിച്ച കാര്യം എങ്ങനെയെങ്കിലും സാധിച്ചെടുക്കാനുള്ള പ്രവ ണത കുഞ്ഞുനാൾ മുതലേ കുട്ടികൾ കാണിക്കാറുണ്ട്. വാത്സല്യം കൊണ്ട് കണ്ണുകാണാത്ത മാതാപിതാക്കൾ അതെല്ലാം സാധിച്ചുകൊടുക്കും. വാശി പിടിച്ചും കരഞ്ഞും ബഹളംവച്ചും പിണങ്ങിയും പട്ടിണികിടന്നും നാടുവിടു മെന്നോ മരിക്കുമെന്നോ ഭീഷണിപ്പെടുത്തിയും തങ്ങൾ ഉദ്ദേശിച്ചത് നേടി യെടുക്കാൻ ശ്രമിക്കുന്നവരെ കുഞ്ഞുനാളിലേ തിരുത്താത്തത് പിന്നീട് അവ രുടെ ജീവിതത്തിൽ വലിയ പ്രശ്നങ്ങളുണ്ടാക്കും. അവർ പരിഹാസപാത്ര മായിത്തീരും. മാതാപിതാക്കൾ കുഞ്ഞുങ്ങളെ ശരിയായി വളർത്തുക. ○

# ഗ്ലോറിയ മിനിസ്ട്രീസ്, തൃശ്ശൂർ

തൃശ്ശൂർ ആസ്ഥാനമായി, ഡോ. എ. സി. ജോസ് ചെയർമാനായും പാസ്റ്റർ സി. വി. ലാസർ കോഡിനേറ്ററായും പ്രവർത്തിക്കുന്ന ഗ്ലോറിയ മിനിസ്ട്രീസ് 2025 ഡിസംബറിൽ വിപുലമായ നിലയിൽ കുറെ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

22, 23, 24 എന്നീ മൂന്നു ദിവസങ്ങളിലായി തൃശ്ശൂരിലെ ക്രൗൺ ടവറിൽ ശുശ്രൂഷകന്മാരുടെ **ഫാമിലി കോൺഫറൻസ്** നടത്തി. ജോൺ പി തോമസ്, ഡോ. എം. വി. സെബാസ്റ്റ്യൻ, ഡോ. ചാക്കോ & മോളി എന്നിവർ ക്ലാസ്സുകൾ എടുത്തു.

25, 26, 27, 28 എന്നീ നാലു ദിവസങ്ങളിൽ തൃശ്ശൂർ ഇക്കണ്ടവാര്യർ റോഡിനോട് ചേർന്നുള്ള ഗ്രൗണ്ടിൽ തയ്യാറാക്കിയ പന്തലിൽ വച്ച് **ഗാന സന്ധ്യ** നടത്തുകയുണ്ടായി. ഫ്ളവേഴ്സ് ടോപ് സിംഗേഴ്സും പ്രശസ്ത പിന്നണി ഗായകരും നിരന്ന മ്യൂസിക് നൈറ്റിൽ ക്രൈസ്തവ ഭക്തിഗാനങ്ങൾ അലയടിച്ചു. പാസ്റ്റർ റെജി ചെർകുളം, പാസ്റ്റർ ടി. വൈ. ജെയിംസ്, ഇവാ. ചാണ്ടപ്പിള്ള ഫിലിപ്പ്, ഡോ. ജേക്കബ് മാത്യു എന്നിവർ പ്രസംഗിച്ചു.

ക്രൈസ്തവഗാനശാഖയ്ക്ക് നൽകിയ സംഭാവനകളുടെ അടിസ്ഥാനത്തിൽ സംഗീത സംവിധായകൻ ബ്രദർ ജോയ് ചെറുവത്തൂർ (കലാമണ്ഡലം), ഡോക്ടറേറ്റ് നേടിയ ഡോ. എം. വി. സെബാസ്റ്റ്യൻ, ഡോ. കെ. വി. കുര്യാക്കോസ് എന്നിവരെ ആദരിക്കുന്ന ചടങ്ങും ഉണ്ടായിരുന്നു.

ഡോ. എ. സി. ജോസ് രചിച്ച്, ശ്രീ. ജോയ് ചെറുവത്തൂർ ഈണം പകർന്ന ഗാനങ്ങളിൽ അഞ്ചെണ്ണം അവിടെ ആലപിക്കുകയുണ്ടായി. അതിൽ രണ്ടെണ്ണത്തിന്റെ നൃത്താവിഷ്കാരവും ഉണ്ടായിരുന്നു.

**ഗ്ലോറിയായുടെ പ്രവർത്തനങ്ങൾ**

**ഗ്ലോറിയ മ്യൂസിക്സ്:** ആത്മീയഗാനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു.

**ഗ്ലോറിയ തിയറ്റർ:** ബൈബിൾ ചരിത്രസത്യങ്ങൾ ശബ്ദ, വെളിച്ച, അഭിനയ മികവോടടെ പൊതുജനങ്ങളിൽ എത്തിക്കുന്നു.

**ഗ്ലോറിയ യൂത്ത് എംപവർ:** ലീഡർഷിപ്പ് ട്രെയിനിംഗ്, പേഴ്സണാലിറ്റി ഡെവലപ്മെന്റ്, ഫിനാൻസ് ഡെവലപ്മെന്റ് മുതലായവ.

ഇതുകൂടാതെ, ഗ്ലോറിയ വുമൺ എംപവർ, മിഷനറി സെമിനാർ, പ്രി-മാരിറ്റൽ ക്ലാസ്സുകൾ, ഫാമിലി കോൺഫറൻസ് എന്നിവയും നടത്തിവരുന്നു

**Dr. A. C. Jose** (9388 441 201) **Pr. C. V. Lazar** (8086 556 355)

REGISTERED
RNI No. KERMAL/2012/54719

**ആനുകാലികം**

## ഗർഭിണിക്ക് കരണത്തടി ഫ്രീ!

**പൊലീസ് മർദ്ദനം വീണ്ടും. ഗർഭിണിക്ക് കരണത്തടി. ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്തു (2025 ഡിസംബർ 19 ലെ പത്രവാർത്ത)**

എർണാകുളം നോർത്തിലെ ബെൻ ടൂറിസ്റ്റ് ഹോം ഉടമയായ ബെൻജോ സമീപത്തെ ലോഡ്ജിൽ ബഹളമുണ്ടാക്കിയ യുവാക്കളെ പൊലീസ് മർദ്ദിച്ചത് മൊബൈലിൽ പകർത്തിയതാണ് സംഭവങ്ങളുടെ തുടക്കം. ഡ്യൂട്ടി തടസ്സപ്പെടുത്തിയെന്നാരോപിച്ച് ബെൻജോയെ കസ്റ്റഡിയിലെടുത്തു. കൈക്കുഞ്ഞുങ്ങളായ ഇരട്ടക്കുട്ടികളുമായി ഭാര്യ ഷൈമോൾ പൊലീസ്സ്റ്റേഷനിൽ എത്തിയപ്പോൾ ബെൻജോയെ മർദ്ദിക്കുകയായിരുന്നു. ഇത് തടയാൻ ശ്രമിച്ചപ്പോൾ ഇൻസ്പെക്ടർ കെ. ജി. പ്രതാപചന്ദ്രൻ ഷൈമോളെ നെഞ്ചത്ത് തള്ളുകയും കരണത്തടിക്കുകയും ചെയ്തു. 2024 ജൂൺ 20 ന് സംഭവിച്ച കാര്യമാണിത്. നീണ്ട നിയമയുദ്ധത്തിലൂടെ സിസിടിവി ദൃശ്യങ്ങൾ സ്വന്തമാക്കി പരസ്യമാക്കിയപ്പോഴാണ് ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്തത്.

പൊലീസ് തല്ലിയതും തള്ളിയതും ഒരു സ്ത്രീയെയാണ്, ഗർഭിണിയെയാണ്, കയ്യിൽ ഇരട്ടക്കുഞ്ഞുങ്ങളുണ്ടായിരുന്നു. തല്ലിയത് പുരുഷപ്പൊലീസ് ആണ്. തള്ളിയത് സ്ത്രീയുടെ നെഞ്ചത്ത് ആണ്. ഇത്രയൊക്കെ ഗുരുതരമായ നിയമലംഘനവും മനുഷ്യാവകാശലംഘനവും പൊലീസ്സ്റ്റേഷനിൽ നടന്നിട്ട്, ആ സ്ത്രീയുടെ പരാതിയിൽ ആരും കേസെടുത്തില്ല. മുഖ്യമന്ത്രിക്കും പൊലീസ് മേധാവിക്കും പരാതി നൽകിയെങ്കിലും, സ്പെഷൽ ബ്രാഞ്ച് നൽകിയ അന്വേഷണ റിപ്പോർട്ട് കുറ്റക്കാരെ സംരക്ഷിച്ചുള്ളതായതിനാൽ നടപടിയുണ്ടായില്ല. സിസിടിവി ദൃശ്യങ്ങളിൽ എല്ലാം വ്യക്തമായിരുന്നിട്ടും കുറ്റക്കാർക്ക് ക്ലീൻ സർട്ടിഫിക്കറ്റ് കൊടുത്തവരെ ശിക്ഷിക്കേണ്ടതല്ലേ? കരണത്തടിച്ചവന് പേരിനൊരു സസ്പെൻഷൻ. കുറച്ചുമാസം കഴിഞ്ഞാൽ അയാൾ വീണ്ടും ഡ്യൂട്ടിയിൽ പ്രവേശിക്കും. എന്തൊരു നാടാണിത്? *(2025 ഡിസംബർ 19 ലെ പത്രവാർത്ത)*

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V